LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിയമ്മ: Food Security ആണ് നമ്മുടെ ഇപ്പോഴത്തെ മുദ്രാവാക്യം. അതുകൊണ്ട് കൃഷിക്കാർ നെൽക്കൃഷി നടത്തുന്ന സ്ഥലങ്ങളിൽ നെൽക്കൃഷിതന്നെ നടത്തണം. അതിന് ഈ ഗവൺമെന്റിന് സാധ്യമായ വിധത്തിലുള്ള പണം ചെലവാക്കുന്നുണ്ട്. ഇപ്പോൾ നെല്ലുസംഭരണം effective ആക്കി, അതുകൊണ്ട് കൃഷിക്കാരൻ നെൽക്കൃഷി ചെയ്യാൻ തയ്യാറായി വന്നിട്ടുണ്ട്. നെല്ലിന് 2001-ൽ കിന്റലിന് 423 രൂപയായിരുന്നത് ഇന്നലെ 809 രൂപയായി വർദ്ധിച്ചു, effective intervention ആണ്. ഇത് കൃഷിക്കാരനെ പ്രേരിപ്പിക്കുന്ന പ്രത്യേകതയാണ്. ആ വിധത്തിൽ നെല്ലിന്റെ വില വർദ്ധിപ്പിച്ചതുകൊണ്ട് കൃഷി നിലങ്ങളിൽ നെൽക്കൃഷി ചെയ്യണം, വയലുകൾ നികത്തരുത്. കൃഷിചെയ്യാതെ തരിശ്ശു നിലങ്ങളായി, വെള്ളക്കെട്ടായി കിടക്കുന്ന നിലങ്ങളിൽ എണ്ണപ്പനക്കൃഷി പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഗവൺമെന്റ് രണ്ടുമൂന്നു സ്ഥലങ്ങളിൽ എണ്ണപ്പനക്കൃഷി ചെയ്യുന്നുണ്ട്. എണ്ണപ്പനയും കൃഷിയാണ്, വ്യവസായമല്ല, ആ നിലയിൽ കരനിലങ്ങൾക്ക് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നതിന് നിയമ മുണ്ട്. കരഭൂമിയിൽ കൃഷിചെയ്താൽ രണ്ട് ഹെക്ടർ വരെ Electricity duty പിരിക്കില്ല. എണ്ണപ്പന കൃഷിക്ക് Electricity connection എന്താണ് തടസ്സമെന്ന് നോക്കാം. നെൽകൃഷിയല്ലാത്തതിനാൽ കര നിലങ്ങൾക്ക് കിട്ടുന്ന എല്ലാ ആനുകൂല്യവും കിട്ടുന്നതിനു കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം. ഇന്നലെ എന്നെ കണ്ടപ്പോൾ അവിടെ വെള്ളം അടിക്കുന്നതിന് പമ്പിംഗ് സബ്സിഡി വേണമെന്ന് പറഞ്ഞു, അത് പരിശോധിച്ച് കൊടുക്കാമെങ്കിൽ കൊടുക്കുന്നതാണ്.

V. പ്രത്യേക പരാമർശം

നിവേദനങ്ങൾക്ക് മറുപടി ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള വിവിധ വകുപ്പുമന്ത്രിമാർക്ക് നിരവധി നിവേദനങ്ങൾ എം.എൽ.എ.-മാർ നൽകുന്നുണ്ട്. അതിനൊന്നും ഒരു മറുപടിയുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നടപടിയില്ലെങ്കിലും കൃത്യമായി മറുപടി കിട്ടുന്നുണ്ട്. മറ്റു മന്ത്രിമാരുടെ ഓഫീസിൽനിന്നും അതുമില്ല. കഴിഞ്ഞ 2002 ജൂൺ 30-ന് ചീഫ് സെക്രട്ടറിതന്നെ ഉദ്യോഗസ്ഥന്മാർക്ക് ജനപ്രതിനിധികൾ പരാതി നൽകിയാൽ കൃത്യമായ മറുപടി കൊടുക്കണമെന്ന് സർക്കുലർ ഇറക്കിയിട്ടുണ്ട്. മന്ത്രിമാരുടെ ഓഫീസിൽ നിന്നുപോലും മറുപടി കിട്ടാത്ത സാഹചര്യത്തിൽ എം.ജി.പി.-യുടെ പേരിൽ കോടിക്കണക്കിന് രൂപ മുടക്കിയിട്ട് പ്രയോജനമുണ്ടോ സാർ. അതുകൊണ്ട് നടപടിയുണ്ടായില്ലെങ്കിലും ഒരു മറുപടിയെങ്കിലും മന്ത്രിമാരിൽനിന്നും ലഭ്യമാക്കുന്നതിനുള്ള കർശനമായ നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, മന്ത്രിമാർ ബഹുമാന്യരായ എം.എൽ.എ.-മാർ നൽകുന്ന കത്തുകൾക്ക് കൃത്യമായ മറുപടി നൽകേണ്ടതാണ്. ഏതായാലും അങ്ങനെ ആരെങ്കിലും നൽകുന്നില്ല എന്നുള്ളതുകൊണ്ടായിരിക്കുമല്ലോ അങ്ങ് ഇവിടെ ഉന്നയിച്ചത്. എല്ലാ മന്ത്രിമാരും കൃത്യമായി മറുപടി നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതാണ്. അതുപോലെ എന്റെ ഓഫീസിൽനിന്നും മറുപടി മാത്രമേ നൽകുന്നുള്ളൂ എന്നുപറഞ്ഞത് ശരിയല്ല, അങ്ങുപറഞ്ഞ എത്രയോ കാര്യങ്ങൾ നടത്തി തന്നിരിക്കുന്നു. നിങ്ങളുടെ പെരുമ്പാവൂരുള്ള റയോൺസ് ഫാക്ടറി കൊല്ലങ്ങളായി

പൂട്ടിക്കിടന്നത് തുറക്കുന്നതുൾപ്പെടെ എത്രയോ കാര്യങ്ങൾ നടത്തി തന്നിട്ടുണ്ട്. അതുകൊണ്ട് അടച്ചു പറയരുത്, എല്ലാവരും കൃത്യമായി മറുപടി നൽകണമെന്ന നിർദ്ദേശം നൽകുന്നതായിരിക്കും.

VI. സബ്മിഷൻ

(1) വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, നമ്മുടെ കേരളത്തെ സംബന്ധിച്ച് കേന്ദ്ര കൃഷിവകുപ്പുമന്ത്രിയുടെ ഒരു മറുപടി എം.പി.-മാർക്ക് നൽകിയത് കേരളത്തിന്റേയും ഇന്ത്യയുടേയും ആകെത്തന്നെ ശ്രദ്ധയ്ക്കുവിധേയമായ ഒരു പ്രശ്നമാണെന്ന് ഗവൺമെന്റ് മനസ്സിലാക്കുമെന്ന് ഞാൻ ആശിക്കുന്നു. വരൾച്ചയും വിലത്തകർച്ചയുംമൂലം കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തവരുടെ വിവരങ്ങൾ അന്വേഷിക്കാൻവേണ്ടി കേരള ഗവൺമെന്റിനെ കേന്ദ്ര ഗവൺമെന്റ് സമീപിച്ചപ്പോൾ നൽകിയ മറുപടി ഇവിടെ അങ്ങനെയാരും മരിച്ചിട്ടില്ല എന്നായിപ്പോയി. കഴിഞ്ഞ അസംബ്ലിയിൽ ഇപ്പുറത്തുനിന്നുമുള്ള മെമ്പർമാരുടെ ചോദ്യത്തിന് മറുപടിയായി വിലത്തകർച്ചയിലും കടക്കെണിയിലുംപെട്ട് 871 പേർ ആത്മഹത്യ ചെയ്തതായി മുഖ്യമന്ത്രിയുടെതന്നെ ഒരു മറുപടി ലഭിച്ചിട്ടുണ്ട്. അതിനുപുറമെയാണ് നമ്മുടെ ഗവൺമെന്റിന്റെതന്നെ സഹകരണ വകുപ്പുമന്ത്രി വരൾച്ചക്കാലത്ത് വയനാട്ടിൽ ചെല്ലുകയും ആത്മഹത്യചെയ്ത 11 കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകുകയും ചെയ്തത്. രണ്ടുമാസക്കാലത്തേയ്ക്ക് അദ്ദേഹം ഈ ഗവൺമെന്റിനുവേണ്ടി free ration പ്രഖ്യാപിക്കുകയും ചെയ്തു. ഇതെല്ലാം വസ്തുതയായിരിക്കേ, ഗവൺമെന്റിന്റെതന്നെ മുഖ്യമന്ത്രിയുടെ മറുപടി, ഗവൺമെന്റിന്റെതന്നെ സഹകരണ വകുപ്പുമന്ത്രിയുടെ സഹായം, ഇതെല്ലാം നിലനിൽക്കുമ്പോൾ കൃഷിവകുപ്പുമന്ത്രിയാകട്ടെ ആ വകുപ്പിൽനിന്നും അഞ്ചുപൈസപോലും ഇങ്ങനെ മരണപ്പെട്ട കുടുംബങ്ങൾക്ക് നൽകിയില്ല എന്നതോപോകട്ടെ, അങ്ങനെ യാതൊരു ആത്മഹത്യയും നടന്നിട്ടില്ലെന്ന് യാതൊരു ഉളുപ്പുമില്ലാതെ കേന്ദ്ര കൃഷിവകുപ്പുമന്ത്രിക്ക് മറുപടി അയക്കുകയാണ് ചെയ്തത്. അയച്ച മറുപടിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന്റെ സബ്മിഷന് മറുപടി പറഞ്ഞുകൊണ്ട് അയച്ച കത്തിന്റെ സ്വഭാവം ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വായിച്ചുകേൾപ്പിക്കുകയുണ്ടായി. പക്ഷേ പത്രങ്ങളിൽ ഇങ്ങനെ ആത്മഹത്യകളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ വന്നിട്ടുണ്ടെങ്കിലും ഗവൺമെന്റ് അതു ascertain ചെയ്തിട്ടില്ല പോലും. Ascertain ചെയ്യാൻവേണ്ടി ശ്രമിക്കുകയാണ് എന്നുള്ള നിലയിൽ, വളരെ സംശയാസ്പദമായിട്ടുള്ള നിലയിൽ, കേരളത്തിലെ നിർഭാഗ്യവാന്മാരായിട്ടുള്ള കൃഷിക്കാർക്ക് ലഭിക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങൾ നിഷേധിക്കാൻ കേന്ദ്ര ഗവൺമെന്റിന് അവസരം നൽകത്തക്ക നിലയിലുള്ള ഒരു സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ തെറ്റിദ്ധാരണ മാറ്റിയെടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എന്തു സമീപനമാണ് സ്വീകരിക്കാൻ പോകുന്നത്? ആന്ധ്രാപ്രദേശിലും

LIBRARY ARCHIVES Kerala Legislative Assembly